**'ഭരണഭാഷ-മാതൃഭാഷ'**

## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - എറണാകുളം ജില്ല - അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് - 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ 'പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്' എന്ന പദ്ധതിയ്ക്കായി വികസന ഫണ്ട് - എസ്.സി.എസ്.പി വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.8140/2024/ധന തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം : 1. അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിട്ടുള്ള നിവേദനം ഉള്ളടക്കം ചെയ്ത് കൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14/08/2024 ലെ LSGD/PD/69447/2023-DPLA1 നം. കത്ത്.

2. 12/09/2023 തീയതിയിലെ അങ്കമാലി സബ്ട്രഷറി ഓഫീസറുടെ എ1/133/2023 നം. കത്ത്.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

### ഉത്തരവ്

അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയ്ക്കായി വികസന ഫണ്ട് - എസ്.സി.എസ്.പി വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് (കുമാരി വർഷ വേലായുധൻ) നൽകിയതും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് ക്ലോസ് ആയതിനാൽ ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 25000/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പട്ടിക ജാതി

വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയ്ക്കായി വികസന ഫണ്ട് - എസ്.സി.എസ്.പി വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് (കുമാരി വർഷ വേലായുധൻ) നൽകിയതും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് ക്ലോസ് ആയതിനാൽ ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 25000/- രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) സൂചന (2) ലെ സബ് ട്രഷറി ഓഫീസറുടെ കത്തിന്റെയും, സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന് (G070305) 3604-00-200-81-10-35-00-NV എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
സെക്രട്ടറി, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ് LSGD-FM1/242/2024-LSGD
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-2901284)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ